**612943(1)/2022/TC DI&C**

സ.ഉ.(സാധാ) നം.289/2022/ID

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- ഒരു ലക്ഷം പുതിയ സംരംഭങ്ങൾ 2022-23 സംരംഭക വർഷത്തിൽ ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയുടെ മേൽനോട്ടത്തിനായി വിവിധ തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വ്യവസായ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.289/2022/ID തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:- വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുടെ 17.03.2022-ലെ ഡി.എെെ.സി/206/2022-ടിസി-ടി4 നം.കത്ത്

**<u>ഉത്തരവ്</u>**

വിവിധ വകുപ്പുകൾ/ ഏജൻസികളുടെ ഏകോപനത്തോടെ '2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2022 ഏപ്രിൽ-മെയ് മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലകളോടെയാണ് ഈ പ്രോഗ്രാം ആരംഭിക്കുന്നത്. ഇതിലൂടെ സംരംഭകരാകാൻ താല്പര്യമുള്ളവർക്ക് പൊതു ബോധവത്കരണം നൽകും. ആദ്യ ഘട്ടമായ പൊതുബോധവത്കരണത്തിന് ശേഷം ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ഓരോ തദ്ദേശസ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതുബോധവത്കരണത്തിൽ പങ്കെടുത്തവരിൽ നിന്നും സംരംഭം തുടങ്ങുവാനുള്ള തീരുമാനവുമായി മുന്നോട്ടു വരുന്നവർക്കാണ് ഇതു സംഘടിപ്പിക്കുന്നത്. ഈ പ്രോഗ്രാമുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ നേതൃത്വവും വ്യവസായ വകുപ്പ് ഏകോപനവും നടത്തുന്നതാണ്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടു കൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും BTech/MBA യോഗ്യതയുള്ള ഇന്റേർൺസിനെ നിയമിക്കുന്നതാണ്. തുടർന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ശിൽപശാലയുടെ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുകയും അതാത് തദ്ദേശ സ്ഥാപനങ്ങളിലെ സാധ്യതക്കനുസരിച്ചുള്ള സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ ചെയ്യുന്നതുമാണ്. ഇതോടൊപ്പം മറ്റു വകുപ്പുകളുടെ പങ്കാളിത്തവും ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യം നിറവേറ്റുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

വിവിധ വകുപ്പുകളുടെ സംയോജനം ഈ പദ്ധതിക്ക് അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവഹണത്തിനും സംസ്ഥാന-ജില്ലാ-പഞ്ചായത്ത് തലങ്ങളിൽ വിവിധ കമ്മിറ്റികൾ അനിവാര്യമാണ്. ആയതിനാൽ പദ്ധതിയുടെ സൂപ്പർവൈസിങ്, മോണിറ്ററിങ്, നിർവ്വഹണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന കമ്മിറ്റികൾ രൂപീകരിച്ചു ഉത്തരവുണ്ടാകണമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ സൂചന പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

**<u>സംസ്ഥാനതല മോണിറ്ററിങ് കമ്മിറ്റി</u>**

**612943(1)/2022/TC DI&C**

സ.ഉ.(സാധാ) നം.289/2022/ID

അദ്ധ്യക്ഷൻ — ബഹു.മുഖ്യമന്ത്രി

സഹ അദ്ധ്യക്ഷൻ — ബഹു.നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി

ഉപ അദ്ധ്യക്ഷന്മാർ :

1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2. ബഹു.സഹകരണ വകുപ്പ് മന്ത്രി
3. ബഹു.തൊഴിൽ വകുപ്പ് മന്ത്രി
4. ബഹു.ടൂറിസം വകുപ്പ് മന്ത്രി
5. ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി
6. ബഹു.കൃഷി വകുപ്പ് മന്ത്രി
7. ബഹു.മൃഗ സംരക്ഷണ വകുപ്പ് മന്ത്രി

കൺവീനർ — വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

**അംഗങ്ങൾ**

1. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ
2. ചീഫ് സെക്രട്ടറി
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
4. ടൂറിസം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
5. സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
6. തൊഴിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
7. ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
8. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
9. മൃഗ സംരക്ഷണ വകുപ്പ് സെക്രട്ടറി
10. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

**കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും**

- പ്രോഗ്രാം നടത്തിപ്പിനുള്ള സംസ്ഥാനതലത്തിലുള്ള മേൽനോട്ടം
- ആവശ്യമായ നയപരമായ തീരുമാനങ്ങൾ സാധ്യമാക്കൽ
- മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി അനുബന്ധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ

**സംസ്ഥാനതല കോർ കമ്മിറ്റി**

അദ്ധ്യക്ഷൻ —വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

കൺവീനർ — വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

**അംഗങ്ങൾ**

1. രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി
2. ഡയറക്ടർ ഓഫ് പഞ്ചായത്ത്
3. ഡയറക്ടർ ഓഫ് അർബൻ അഫയേർസ്
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
5. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ
6. ഫിഷറീസ് വകുപ്പ് ഡയറക്ടർ
7. കൃഷി വകുപ്പ് ഡയറക്ടർ
8. ടൂറിസം വകുപ്പ് ഡയറക്ടർ
9. ചീഫ് ഇൻഡസ്ട്രി പ്ലാനിംഗ്
10. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ കൺവീനർ
11. കേരള ബാങ്കിന്റെ മാനേജിങ് ഡയറക്ടർ
12. K-DISC ന്റെ പ്രതിനിധി

**കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും**

- പ്രോഗ്രാം നടത്തിപ്പിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കൽ
- വിവിധ വകുപ്പുകളുടെ ഏകോപനം
- ഈ പ്രോജക്റ്റിനനുബന്ധമായി തുടങ്ങേണ്ട വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യൽ
- ജില്ലാ-പഞ്ചായത്ത് തലകമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ
- എല്ലാ മാസവും മീറ്റിംഗ് കൂടി പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ

**ജില്ലാതല മോണിറ്ററിങ് കമ്മിറ്റി**

അദ്ധ്യക്ഷൻ — ജില്ലാ കളക്ടർ

കൺവീനർ — ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

**അംഗങ്ങൾ**

1. ജില്ലാ പ്ലാനിംഗ് ഓഫീസർ
2. സഹകരണ ജോയിന്റ് രജിസ്ട്രാർ
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
4. ജില്ലാ ലേബർ ഓഫീസർ
5. കേരള ബാങ്ക് ജനറൽ മാനേജർ
6. ലീഡ് ബാങ്ക് മാനേജർ
7. കോ-ഓർഡിനേറ്റർ ജില്ലാ കുടുംബശ്രീ മിഷൻ
8. നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ
9. ജില്ലാ മൃഗ സംരക്ഷണ ഓഫീസർ
10. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ
11. ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ
12. ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ
13. താലൂക്ക് വ്യവസായ ഓഫീസുകളിലെ ഉപജില്ലാ വ്യവസായ ഓഫീസർമാർ

**കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും**

- ജില്ലാതലത്തിൽ പദ്ധതി മോണിട്ടർ ചെയ്യുക
- വിവിധ പഞ്ചായത്തുകളുടെ പ്രവർത്തനം അവലോകനം ചെയ്യുക
- ജില്ലാ തലത്തിൽ വിവിധ ബാങ്കുളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ (എല്ലാമാസവും) അവലോകനം ചെയ്യുക
- ജില്ലാ തലത്തിൽ ,ഇന്റേൺസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക
- എല്ലാ മാസവും യോഗം കൂടി പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കമ്മിറ്റി**

ചെയർമാൻ — ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ

കൺവീനർ - ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർ

<u>**അംഗങ്ങൾ**</u>

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ
2. സി.ഡി.എസ് ചെയർപേഴ്സൺ
3. ഇന്റേൺ
4. പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തുള്ള ലീഡിങ് ബാങ്ക് പ്രതിനിധി
5. പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ നോമിനേറ്റ് ചെയ്യുന്ന സഹകരണ ബാങ്ക് പ്രതിനിധി
6. കമ്മിറ്റിയുടെ പ്രവർത്തനത്തിന് അഭികാമ്യമായ, നോമിനേറ്റ് ചെയ്യുന്ന മറ്റ് അംഗങ്ങൾ

ചുമതലകളും ഉത്തരവാദിത്വങ്ങളും

- പദ്ധതിയുടെ ഫീൽഡ് തലത്തിലുള്ള നടത്തിപ്പ്
- ഇൻറ്റേൺസിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക
- പഞ്ചായത്ത് തലത്തിലുള്ള ഏകദിന ശിൽപശാലയ്ക്ക് വേണ്ട പ്രചാരണം നൽകൽ
- ലൈസൻസ്/ലോൺ/സബ്സിഡി മേളകൾക്ക് നേതൃത്വം നൽകൽ
- സംരംഭം ആരംഭിക്കുന്നവർക്കുള്ള സഹായങ്ങൾ സമയബന്ധിതമായി ലഭിക്കുന്നുണ്ടോ എന്നുള്ള മോണിറ്ററിംഗ്
- തദ്ദേശ സ്ഥാപന തലത്തിൽ വ്യവസായത്തിനുള്ള പ്രാദേശിക ഫണ്ട് ആവശ്യാനുസരണം വർദ്ധിപ്പിച്ചുകൊണ്ട് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
- എല്ലാ രണ്ടാഴ്ച കൂടുമ്പോഴും മീറ്റിങ് കൂടി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക

**പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ**

1. സംരംഭകരാകാൻ താല്പര്യമുള്ളവർക്ക് പൊതു ബോധവത്കരണം നൽകുന്നതിനായി 2022 ഏപ്രിൽ-മെയ് മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഏകദിന ശില്പശാലകൾ സംഘടിപ്പിക്കും. പരമാവധി 50 പേരടങ്ങുന്ന ബാച്ചിനാണ് ഈ ബോധവൽക്കരണം നൽകുന്നത്. ആവശ്യമെങ്കിൽ ഒന്നിൽ കൂടുതൽ ബാച്ചുകളോ ഒന്നിൽ കൂടുതൽ ദിവസത്തെ ശില്പശാലയോ ആകാം. ശില്പശാലക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ നൽകും. ജനപ്രതിനിധികൾ മുഖേന താല്പര്യമുള്ള സംരംഭകരെ കണ്ടെത്തി ശില്പശാലയിൽ പങ്കെടുപ്പിക്കുന്നതാണ്. ശില്പശാലയിൽ ആവശ്യമായ ക്ലാസ്സുകൾക്ക് വ്യവസായ വകുപ്പ് നേതൃത്വം നൽകും. കൂടാതെ വ്യവസായ വകുപ്പ് തയ്യാറാക്കുന്ന കൈപ്പുസ്തകം പങ്കെടുക്കുന്നവർക്ക് നൽകുന്നതുമാണ്.

2. ആദ്യ ഘട്ടമായ പൊതുബോധവത്കരണത്തിന് ശേഷം 2022 മെയ് - ജൂൺ മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ഓരോ തദ്ദേശസ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതുബോധവത്കരണത്തിൽ പങ്കെടുത്തവരിൽ നിന്നും സംരംഭം തുടങ്ങുവാനുള്ള തീരുമാനവുമായി മുന്നോട്ടു വരുന്നവർക്കാണ് ഇതു സംഘടിപ്പിക്കുന്നത്. ഈ പ്രോഗ്രാമുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ നേതൃത്വവും വ്യവസായ വകുപ്പ് ഏകോപനവും നടത്തും.

3. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2 0 2 2 ഏപ്രിൽ മാസത്തോടു കൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും BTech/MBA യോഗ്യതയുള്ള ഇന്റേർൺസിനെ നിയമിക്കുന്നതാണ്. ഇവർക്ക് മികച്ച പരിശീലനം നൽകി, KSWIFT പോർട്ടൽ മുഖേന വിവിധ വകുപ്പുകളിപ്രൈവറ്റ്ൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, സ്വയം സാക്ഷ്യപ്പെടുത്തൽ വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും, വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനംപ്രൈവറ്റ് നടത്തുവാനും പ്രാപ്തരാക്കും. തുടർന്ന് Interns മുഖേന, സംരംഭകർക്ക് പൊതുബോധവൽക്കരണം നൽകാനും one to one മീറ്റിംഗുകളിലൂടെയും പൊതു ഇടപെടലിലൂടെയും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നു. തദ്ദേശ സ്ഥാപനവുമായി നിരന്തരം ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതായതിനാൽ ഇന്റേൺസിനുള്ള സ്ഥിരമായ ഒരു ഇരിപ്പിടം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം കണ്ടെത്തി നൽകേണ്ടതാണ്. ഇവർക്കുള്ള പ്രതിമാസ ശമ്പളം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതാണ്.

4. ഈ പദ്ധതിയുടെ ഭാഗമായുള്ള വിവിധ ക്യാമ്പയിനിങ്ങിലൂടെയും മറ്റു വകുപ്പുകളുടെ തനത് പ്രവർത്തനങ്ങളുടെയും ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവര ശേഖരണം വ്യവസായ വകുപ്പ് തയ്യാറാക്കുന്ന പൊതുവായ ഒരു പോർട്ടൽ മുഖേന ചെയ്യേണ്ടതാണ്. 2022 ഏപ്രിൽ മാസത്തോടെ വിവര ശേഖരണം നടത്തുന്നതിനായി പോർട്ടൽ തയാറാകുന്നതാണ്.

5. 2022 ഏപ്രിൽ മാസത്തോടെ നിയമിക്കുന്ന ഇന്റേൺസ്, പരിശീലനം പൂർത്തിയാക്കിയ ശേഷം ഏപ്രൈവറ്റ്പ്രിൽ-മെയ് മാസങ്ങളിൽ നടത്തുന്ന തദ്ദേശ സ്ഥാപനങ്ങളിലെ ശില്പശാലയുടെ തുടർ

612943(1)/2022/TC DI&C

സ.ഉ.(സാധാ) നം.289/2022/ID

പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുത്ത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് ലക്ഷ്യം പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ അസൂത്രണം ചെയ്യേണ്ടതാണ്.

**ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ക്രമ നം | പ്രവർത്തനം | സമയക്രമം |
|---|---|---|
| 1 | എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഏകദിന ശില്പശാലകൾ | 2022 ഏപ്രിൽ |
| 2 | എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ദ്വിദിന ലൈസൻസ്, സബ്സിഡി, ബാങ്ക് മേള ക്യാമ്പുകൾ | 2022 മെയ് |
| 3 | തുടർന്നുള്ള ഓരോ മാസവും ഇന്റേൺസിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ വഴി ഓരോ തദ്ദേശ സ്ഥാപനത്തിലും 1 2 സംരംഭങ്ങൾ എന്ന ലക്ഷ്യം കൈവരിക്കണം | 2022 ജൂൺ മുതൽ 2023 മാർച്ച് വരെ |
| 4 | ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ഇതിനു വേണ്ടി തയ്യാറാക്കുന്ന പോർട്ടലിൽ അതാത് ഇന്റേൺസ് രേഖപ്പെടുത്തേണ്ടതാണ് | 2022 ജൂൺ മുതൽ 2023 മാർച്ച് വരെ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMAN BILLA
പ്രിൻസിപ്പൽ സെക്രട്ടറി

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വ്യവസായ/തദ്ദേശസ്വയം ഭരണ/സഹകരണ/തൊഴിൽ/ടൂറിസം/ഫിഷറീസ്/കൃഷി/മൃഗസംരംക്ഷണ വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ഓഫീസർ ഓൺ സ്പെഷൽ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ കാര്യാലയം
വൈസ് ചെയർമാൻ പ്ലാനിംഗ് ബോർഡ്
ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും/ഡയറക്ടർമാർക്കും/രജിസ്റ്റാർമാർക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
കൺവീനർ സംസ്ഥാനതല ബാങ്കേഴ്സ് സമിതി
മാനേജിംഗ് ഡയറക്ടർ കേരളാ ബാങ്ക്
മെമ്പർ സെക്രട്ടറി, കേരള ഡെവലപ്പ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ
വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ (കമ്മിറ്റിയിൽ ഉൾപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

**612943(1)/2022/TC DI&C**

സ.ഉ.(സാധാ) നം.289/2022/ID

ഉത്തരവിൻ പ്രകാരം

**Signed by Anil Kumar P**
**Date: 30-03-2022 15:51:59**
സെക്ഷൻ ഓഫീസർ